(Pages : 3) **L – 1032**

**Reg. No. : ..............................**

**Name : ..................................**

## Second Year B.A. Degree Examination, April 2021

## Malayalam Language and Literature

## Part III : Paper – II : പ്രാചീനകവിത

Time : 3 Hours Max. Marks : 100

I. ഒരു പുറത്തിൽ (**100** വാക്ക്) കവിയാതെ ഏഴ് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. 'തരുണഭാസ്കരനരുണനോടുകൂ-

   ടൊരുമിച്ചു തെളിഞ്ഞുദിച്ചതുപോലെ'

   - കാണപ്പെട്ടതാരൊക്കെ?

2. 'നിന്നോടാരേ നല്ലതു കേട്ടതു? നീ തികഞ്ഞ പണ്ഡിതനായി

   എന്നോടൊല്ലാ പേച്ചുമതെന്റെഴുനിന്റിരാവണൻ നടന്താൻ' രാവണൻ കോപിക്കാൻ കാരണമെന്ത്?

3. 'മാനസം കൊണ്ടെടുത്തിട്ടു കൂടെക്കൊണ്ടുപോയ്' - ആരെ? വിശദമാക്കുക.

4. 'തെന്റൽ തീയ്യെന്റപോലെ' - ആർക്കാണ് അനുഭവപ്പെട്ടത്? എന്തുകൊണ്ട്?

5. വിത്തുപൊലിപ്പാട്ടിന്റെ പ്രത്യേകത എന്താണ്?

6. 'നിദ്രാ ജഗാമ നിപുണേവ സഖീ സകാശാൽ' - നിപുണയായ സഖി എന്ന് നിദ്രയെ വിശേഷിപ്പിക്കാൻ കാരണമെന്ത്?

7. 'ശൈശവം പോമ്മുമ്പേ യൌവനം താൻ വന്നു

   പേശിത്തുടങ്ങീതമ്മേനിതന്നിൽ'

   - ആരുടെ? ഉദ്ദേശ്യമെന്ത്?

P.T.O.

8. വണങ്ങി മുനീന്ദ്രനെയവനരുളാലേ,

മനുകുലനായകൻ അവളുയിർ കൊണ്ടാൻ''

- ആരെ വധിച്ചപ്രകാരമാണ് ഇവിടെ പറയുന്നത്? വിവരിക്കുക.

9. നീലികഥ സംഗ്രഹിക്കുക.

**(7 × 4 = 28 Marks)**

II. **രണ്ടു** പുറത്തിൽ (200 വാക്ക്) കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

10. പാർത്ഥസാരഥിവർണ്ണനം വിവരിക്കുക.

11. നിശാചരികൾ അശോകവനികയിൽ ഇരിക്കുന്ന സീതയെ പ്രലോഭിപ്പിക്കാൻ പറയുന്നതെന്തൊക്കെയാണ്?

12. ലോമപാദന്റെ അംഗരാജ്യത്തിന് എന്ത് കോട്ടമാണ് സംഭവിച്ചത്? പരിഹാരം എന്തായിരുന്നു?

13. രുഗ്മിണിയുടെ രൂപഭംഗി കണ്ട കാമുകന്മാരായ രാജാക്കന്മാരുടെ ഭാവമാറ്റം കവി വിവരിച്ചിരിക്കുന്നതെങ്ങനെ?

14. എന്തായിരുന്നു നൈഷധസന്ദേശം?

15. രാമപുരത്തുവാര്യർ കുചേലവൃത്തം വഞ്ചിപ്പാട്ട് രചിക്കാനിടയായ ഐതിഹ്യം വിവരിക്കുക.

16. സ്യാനന്ദൂരപുരത്തെ പ്രഭാതവർണ്ണന കവി ചമത്കരിച്ചിരിക്കുന്നതെങ്ങനെ?

**(5 × 6 = 30 Marks)**

III. ഓരോന്നിനും **നാലു** പുറത്തിൽ (400 വാക്ക്) കവിയാതെ ഉത്തരമെഴുതുക.

17. രാമചരിതകാരന്റെ സംക്ഷേപണപാടവം ആദ്യത്തെ അഞ്ചുപടലങ്ങളെ മുൻനിർത്തി ഉപന്യസിക്കുക.

**അല്ലെങ്കിൽ**

18. മലയാളകവിത ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളെ നേരിടാൻ വേണ്ട കരുത്തു സമ്പാദിച്ചത് കുചേലവൃത്തം വഞ്ചിപ്പാട്ടിലൂടെയാണ് - വിശദമാക്കുക.



gcwcentrallibrary.in

19. ഉണ്ണുനീലിസന്ദേശം പൂർവ്വഭാഗത്തിലെ ചരിത്രവസ്തുതകൾ സമാഹരിക്കുക.

അല്ലെങ്കിൽ

20. വിപ്രലംഭശൃംഗാരാവിഷ്കരണം സന്ദേശകാവ്യങ്ങളിലും ചമ്പുക്കളിലും ഉണ്ണുനീലിസന്ദേശം, ഭാഷാനൈഷധം ചമ്പു പൂർവ്വഭാഗങ്ങളെ ആസ്പദമാക്കി താരതമ്യം ചെയ്യുക.

21. ഉൽപ്പത്തിപരമായ കഥകളുടെ പരാമർശം എന്ന നിലയിൽ ഉച്ചിട്ടത്തോറ്റം, പുള്ളുവോദ്ഭവം, വേലൻപ്രവൃത്തി എന്നീ പാട്ടുകളെ പരിചയപ്പെടുത്തുക.

അല്ലെങ്കിൽ

22. നളദമയന്തിമാരുടെ പ്രണയപാരവശ്യത്തെ ആവിഷ്കരിക്കുന്നതിൽ മഴമംഗലം പുലർത്തിയിരിക്കുന്ന ഭാഷാപരമായ ഔചിത്യം വിശദമാക്കുക.

**(3 × 14 = 42 Marks)**

gcwcentrallibrary.in